**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമ ഉത്തരവ്**

**ഹാജർ: പ്രസീന എൻ**

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ജീവനക്കാര്യം- ക്ലാസ്സ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന ജീവനക്കാർക്കും വകുപ്പുതല തസ്തികമാറ്റം (ക്ലാർക്ക്) - സീനിയോരിറ്റി പുന:സ്ഥാപിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**ഉത്തരവ് നമ്പർ ഇ 1-11409/2021/ഫാ&ബോ. തീയതി 24-11-2022**

പരാമർശം:-1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 3/1/2014 - ലെ സ.ഉ.(പി) നമ്പർ 1/2014 നമ്പർ ഉത്തരവ്

2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 19/07/2014 - ലെ സ.ഉ.(പി) നമ്പർ 21/2014 നമ്പർ ഉത്തരവ്

3. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 31/7/2014 - ലെ ഇ 1- 6918/2014/എഫ്&ബി നമ്പർ ഉത്തരവ്.

4. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 16/1/2020 - ലെ ഇ 1- 4521/2019/എഫ്&ബി നമ്പർ ഉത്തരവ്.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19/03/2021 - ലെ OA (EKM) 1905 of 2016 എന്ന ഉത്തരവ്.

**ഉത്തരവ്**

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ പരാമർശം (1) , (2) സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലാസ്സ് IV ജീവനക്കാർക്ക് 10% തസ്തികമാറ്റം വഴി നാല് പേർക്ക് പരാമർശം (3), (4) പ്രകാരം നിയമനം നൽകിയിരുന്നു. എന്നാൽ സൂചന (3) പ്രകാരമുള്ള ഉത്തരവിൻമേൽ സീനിയേരിറ്റി സംബന്ധമായി ശ്രീ. എം.ജി. രതീഷ് കുമാർ ഓഫീസ് അറ്റൻഡൻറ്, ശ്രീ. എസ്.എൽ. രമേഷ് കുമാർ ഓഫീസ് അറ്റൻഡൻറ് എന്നിവർ OA (EKM) 1905 of 2016 എന്ന കേസ് ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരുടെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെയും സർക്കാർ ഉത്തരവുകളുടെയും വ്യവസ്ഥകൾക്ക് വിധേയമായി ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (3), (4) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമത്തിലെ സീനിയോരിറ്റി ക്രമപ്പെടുത്തി ഈ വകുപ്പിൽ താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി താഴെ പറയും പ്രകാരം പുന:ക്രമീകരിച്ചുക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും നിലവിലെ തസ്തികയും | തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികകൾക്ക് നിയമനം അനുവദിക്കുന്ന തീയതി |
|---|---|---|
| 1 | ശ്രീ. എം.ജി. രതീഷ് കുമാർ, ക്ലാർക്ക് | 05-03-2014 |

| | | |
|---|---|---|
| 2 | ശ്രീ. ബി. പ്രസാദ്, ക്ളാർക്ക് | 12-12-2015 |
| 3 | ശ്രീ. എസ്.എൽ. രമേഷ് കുമാർ ക്ളാർക്ക് | 07-02-2017 |
| 4 | ശ്രീ. വൈ. ഷഫീക്ക്, ഡ്രൈവർ | 13-07-2018 |
| 5 | ശ്രീമതി. പി. ഷിജി, ക്ളാർക്ക് | 01-08-2019 |

മേൽ വിവരിക്കും പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-03-2021- ലെ OA (EKM) 1905 of 2016 നമ്പർ ഉത്തരവ് നടപ്പാക്കിയിരിക്കുന്നു.

അണ്ടർസെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്;-

1. സീനിയർ ജോയിൻറ് ഡയറക്ടർ ഓഫ് ഫാക്ടറീസ് , കൊല്ലം
2. ഫാക്ടറീസ് & ബോയിലേഴ്സ് ജോയിൻറ് ഡയറക്ടർ, എറണാകുളം/കോഴിക്കോട്
3. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, കൊല്ലം.
4. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കൊല്ലം/തലശ്ശേരി
5. എഫ്.ഒ/ഇ 2 സെക്ഷൻ/കമ്പ്യൂട്ടർ സെക്ഷൻ/ജെ.എസ് (അക്കൗണ്ട്സ്)/എ 1 സെക്ഷൻ/ സി.എ. ടു ഡിഎഫ് & ബി/കരുതൽ ഫയൽ